**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1459** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ന്യായ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ രജിസ്ട്രേഷൻ നടത്തുന്നതിനായി പ്രമാണത്തിൽ നിർബന്ധമായും കാണിക്കേണ്ട ന്യായവില സംബന്ധിച്ച അടിസ്ഥാന ന്യായവില രജിസ്റ്റർ പ്രാബല്യത്തിൽ വന്നത് എന്നു മുതൽക്കാണ്; | (എ) | 01-04-2010 മുതൽക്കാണ് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിലവിൽ വന്നത്. |
| (ബി) | ഇത് പ്രാബല്യത്തിൽ വരുമ്പോൾ ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ ന്യായവില നിശ്ചയിച്ചിരുന്ന ഭൂമിയുടെ വില, ഭൂമി നിലനിന്നിരുന്ന പ്രദേശം, അന്ന് നിലവിലുണ്ടായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ ന്യായവില നിശ്ചയിച്ചിരുന്ന ഭൂമിയുടെ വില, ഭൂമി നിലനിന്നിരുന്ന പ്രദേശം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. 01-04-2010-ന് നിലവിലുണ്ടായിരുന്ന വിലയാധാരത്തിനുള്ള മുദ്രവില നിരക്ക് ചുവടെ ചേർക്കുന്നു:<br>1. പഞ്ചായത്ത് പ്രദേശങ്ങളിൽ - ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 7 രൂപ<br>2. മുൻസിപ്പൽ പ്രദേശങ്ങളിൽ - ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 8 രൂപ<br>3. മുൻസിപ്പൽ കോർപറേഷൻ പ്രദേശങ്ങളിൽ - ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 9 രൂപ<br>4. രജിസ്ട്രേഷൻ ഫീസ് 2 ശതമാനം |
| (സി) | അടിസ്ഥാന ന്യായവില രജിസ്റ്റർ നിലവിൽ വന്നതിനുശേഷം ന്യായവില, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയെല്ലാം എത്ര തവണ വീതമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; ഓരോ വർദ്ധനവും നടപ്പിലായ തീയതി, വർദ്ധന നിരക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുമോ; | (സി) | ന്യായവില വർദ്ധിപ്പിച്ച വിവരം<br>1. G.O(P) No. 188/2014/TD dated 14-11-2014 - 50 ശതമാനം - 17-11-2014 മുതൽ<br>2. G.O(P) No. 43/2018/TD dated 31-03-2018 - 10 ശതമാനം - 31-03-2018 മുതൽ<br>3. G.O(P) No. 70/2019/TD dated 30-04-2019 - 10 ശതമാനം -30-04-2019 മുതൽ<br>4. G.O(P) No. 47/2020/TD dated 31-03-2020 - 10 ശതമാനം - 15-05-2020മുതൽ<br>5. G.O(P) No. 29/2022/TD dated 30-03-2022 - 10 ശതമാനം - 01-04-2022 മുതൽ |

| | | | |
|---|---|---|---|
| | | | 2014-ലെ ഫിനാൻസ് ആക്റ്റ് പ്രകാരം വിലയാധാരത്തിന്റെ മുദ്രവില നിരക്ക് പഞ്ചായത്ത്, മുൻസിപ്പൽ, കോർപറേഷൻ പ്രദേശങ്ങളിൽ ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 6 രൂപ ആയി ഏകീകരിച്ചു. 2016-ലെ ഫിനാൻസ് ആക്റ്റ് പ്രകാരം വിലയാധാരത്തിന്റെ മുദ്രവില നിരക്ക് ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 8 രൂപ ആയി വർദ്ധിപ്പിച്ചു. വിലയാധാരത്തിന്റെ രജിസ്ട്രേഷൻ ഫീസ് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത രജിസ്റ്റർ നിലവിൽ വന്ന സമയത്തെ ന്യായവിലയുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിയുടെ നിലവിലെ ന്യായവിലയിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; | (ഡി) | 120 ശതമാനം |
| (ഇ) | നിലവിലെ അടിസ്ഥാന ന്യായവില രജിസ്റ്റർ പ്രകാരം ഏറ്റവും കുറഞ്ഞ ന്യായവിലയും ഏറ്റവും കൂടിയ ന്യായവിലയും നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ വില, ഭൂമി നിലനിൽക്കുന്ന പ്രദേശം, നിലവിലെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ; | (ഇ) | ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ ന്യായവില നിശ്ചയിച്ചിരുന്ന ഭൂമിയുടെ വില, ഭൂമി നിലനിന്നിരുന്ന പ്രദേശം എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു .<br>വിലയാധാരത്തിന് നിലവിലുള്ള മുദ്രവില രജിസ്ട്രേഷൻ നിരക്കുകൾ ചുവടെ ചേർക്കുന്നു:<br>1. സ്റ്റാമ്പ് ഡ്യൂട്ടി - : ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 8 രൂപ<br>2. രജിസ്ട്രേഷൻ ഫീസ് -: 2 ശതമാനം |
| (എഫ്) | ഹൈവേകൾക്കരികിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും മലയോര പ്രദേശങ്ങളിലുമെല്ലാം ഒരേ നിരക്കിൽ ന്യായവില വർധിപ്പിച്ചത് മൂലം ഉൾനാടൻ പ്രദേശങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ ന്യായവില വിപണിവിലയേക്കാൾ ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ഉണ്ട് |
| (ജി) | ഇതുമൂലം സാധാരണക്കാർക്കും കർഷകർക്കും ഭൂമി വാങ്ങൽ ഒരേപോലെ അപ്രാപ്യമായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ന്യായവില രജിസ്റ്ററിലെ പിഴവുകൾ തിരുത്തി കുറ്റമറ്റതാക്കി തീർക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും? | (ജി) | ന്യായവില വിലയില പിഴവുകൾ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾക്ക് പരാതി സമർപ്പിക്കുവാൻ കേരള സ്റ്റാമ്പ് ആക്ടിൽ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ